## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5793 25.05.2017- ൽ മറുപടിക്ക്

### "എം.ആർ.ഹാച്ചറി എന്ന സ്ഥാപനത്തിനെതിരെയുള്ള ജപ്തി നടപടികൾ"

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല | | ശ്രീ. എ.സി.മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) | |
| എ) | 23-6-1999 ൽ കോഴിക്കോട് ജില്ലയിലെ നാദാപുരം മുളമ്പത്ത് പ്രവർത്തനമാരംഭിച്ച എം.ആർ.ഹാച്ചറി എന്ന ചെറുകിട വ്യവസായ സ്ഥാപനം ആ വർഷം തന്നെ സബ്സിഡിക്കപേക്ഷിച്ചെങ്കിലും അതു ലഭിച്ചത് 2002 ലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | 6 1/2 വർഷം പ്രവർത്തിച്ച ശേഷം നഷ്ടം നേരിട്ടതിനാൽ പ്രസ്തുത സ്ഥാപനം 6-12-2005 ൽ അടച്ചുപൂട്ടുക ഉണ്ടായോ; | ബി) | പ്രസ്തുത സ്ഥാപനം അടച്ചുപൂട്ടുകയുണ്ടായി |
| സി) | സബ്സിഡി ലഭിച്ച ശേഷം അഞ്ച് വർഷം പ്രവർത്തിച്ചില്ലെന്ന കാരണത്താൽ സബ്സിഡി തുക പലിശ സഹിതം തിരിച്ചടക്കണമെന്ന് കോഴിക്കോട് ജില്ലാ വ്യവസായ കേന്ദ്രം P1-6013/2005/dtd. 2-5-2006 നമ്പർ കത്തിലൂടെ പ്രസ്തുത സ്ഥാപനത്തോടാവശ്യപ്പെടുകയുണ്ടായോ; വിശദാംശങ്ങൾ നൽകുമോ; | സി) | അഞ്ച് വർഷം പ്രവർത്തിച്ചില്ലെന്ന കാരണത്താൽ 04.01.1994 ലെ G.O(Ms) No. 4/94/ID ഉത്തരവിലെ മാനദണ്ഡങ്ങൾ പ്രകാരം തുക പലിശ സഹിതം തിരിച്ചടയ്ക്കണമെന്ന് ആവശ്യപ്പെടുകയുണ്ടായി. |
| ഡി) | എങ്കിൽ ഇതിൽ ജപ്തി നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | ഡി) | ജപ്തി നടപടികൾ സ്വീകരിക്കുകയുണ്ടായി. |
| ഇ) | സബ്സിഡിയുമായി ബന്ധപ്പെട്ട് 2004 ൽ ഉണ്ടായ നിയമ ഭേദഗതി പ്രകാരം സ്ഥാപനം ആരംഭിച്ച ശേഷം അഞ്ച് വർഷം പ്രവർത്തിച്ചവരിൽ നിന്ന് സബ്സിഡി തിരിച്ചുപിടിക്കരുതെന്ന് നിർദ്ദേശമുണ്ടോ; | ഇ) | നിർദ്ദേശമില്ല |

| | | | |
|---|---|---|---|
| എഫ്) | എങ്കിൽ സബ്സിഡി അനുവദിച്ചതിലെ കാലതാമസം സംരംഭകരെ ദോഷകരമായി ബാധിച്ചത് പരിഹരിക്കാൻ 2004 ലെ നിയമ ഭേദഗതിക്ക് മുൻകാല പ്രാബല്യം നൽകുന്ന കാര്യം പരിഗണിക്കുമോ; | എഫ്) & ജി) | ഇത് സംബന്ധിച്ച നിർദ്ദേശം/ശുപാർശ ലഭിക്കുന്ന മുറയ്ക്ക് സർക്കാർ ഈ വിഷയം പരിശോധിക്കുന്നതാണ്. |
| ജി) | എങ്കിൽ അതുവരെ എം.ആർ.ഹാച്ചറി എന്ന സ്ഥാപനത്തിനെതിരെയുള്ള ജപ്തി നടപടികൾ നിർത്തിവെക്കുമോ; വിശദാംശങ്ങൾ നൽകുമോ? | | |

**സെക്ഷൻ ഓഫീസർ**